# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 05-06-2014

# ഹെഡ്മാസ്റ്റർ/എ ഇ ഒ പ്രമോഷൻ: സീനിയോറിറ്റി അട്ടിമറിക്കരുത്

## - കെ എസ് ടി എ

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ എ ഇ ഒ പ്രമോഷനു അമ്പതുവയസ്സു കഴിഞ്ഞവരെക്കൂടി ഉൾപ്പെടുത്തി സീലിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. പ്രമോഷൻ ലഭിക്കണമെങ്കിൽ അക്കൗണ്ട് ടെസ്റ്റ് പാസ്സാവണമെന്ന വ്യവസ്ഥ യിൽ നിന്നും അമ്പതു വയസ്സുകഴിഞ്ഞവരെ ഓരോവർഷവും ഒഴിവാക്കുകയാണ് ചെയ്യാറുള്ള ത്. വർഷങ്ങളായി ഇതു തുടർന്നുവരുന്നു. ഈ വർഷം ഇളവനുവദിക്കാനുള്ള ഉത്തരവ് ഇതുവരെ ഉണ്ടായിട്ടില്ല. അമ്പതു വയസ്സുകഴിഞ്ഞവരെ ഒഴിവാക്കി പ്രമോഷൻ നടത്താനുള്ള നീക്കമാണ് നടക്കുന്നത്. ഒട്ടേറെ പേരുടെ പ്രമോഷൻ സാധ്യത ഇതോടെ ഇല്ലാതാവും. സീനിയോറിറ്റി അട്ടിമറിക്കപ്പെടുന്നത് ദൂരവ്യാപകമായി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സർവ്വീസ് കൂടുതലുള്ളവർക്ക് ലഭിക്കുന്ന ഏക പ്രമോഷൻ നഷ്ടപ്പെടുന്ന രീതിയിൽ തീരു മാനമെടുക്കരുതെന്നും അമ്പതു വയസ്സുകഴിഞ്ഞവർക്ക് ഇളവ് അടിയന്തിരമായി അനുവദി ക്കണമെന്നും കെ എസ് ടി എ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി